ഉത്തരം

(എ) ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണ ജോലികളും രണ്ട് വിഭാഗങ്ങളായി തിരിച്ച് റോഡ് സംരക്ഷണത്തിന് മാത്രമായി പ്രത്യേക ഡിവിഷനുകൾ രൂപീകരിക്കണമെന്നുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. വിശദാംശങ്ങൾ കൂടുതൽ സൂക്ഷ്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. കാലതാമസമെന്യേ ഈ നിർദ്ദേശങ്ങൾക്ക് അന്തിമരൂപം കൊടുക്കാൻ സാധിക്കുമെന്ന് കരുതുന്നു.

ജലസേചന പദ്ധതികളുടെ പണി

736 [1071] ശ്രീ. കെ. പി. നൂറുദ്ദീൻ :
ശ്രീ. എം. പി. മൊയ്തീൻ:
ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജലസേചന പദ്ധതികളുടെ പണി ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) 'കക്കടവ്' ജലസേചന പദ്ധതിയുടെ പണി എത്രത്തോളമായി; ഇത് പൂർത്തിയാകാൻ എന്തു കാലതാമസം വരും;

(സി) കക്കടവു പ്രോജക്ടറ് മൂലം കാർഷിക രംഗത്ത് എന്തു മെച്ചമുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ഡി) ഈ പദ്ധതി പൂർത്തിയാകുന്നതിനുള്ള കാലതാമസംകൊണ്ട് എന്തു നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏഴ് വൻകിട ജലസേചന പദ്ധതികളുടെ പണി ഈ വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അവ:

1. ഇടമലയാർ
2. മീനച്ചൽ
3. വാമനപുരം
4. ബേപ്പൂർ പുഴ
5. കുരിയാർകുറ്റി—കരപ്പാറ
6. കക്കടവ്
7. ബാണാസുരസാഗർ

(ബി) കക്കടവ് ജലസേചന പദ്ധതിയുടെ പ്രാഥമിക പണികൾ മാത്രമേ ഇപ്പോൾ തുടങ്ങുന്നുള്ളൂ. പ്രസ്തുത പദ്ധതി 7.-ാം പഞ്ചവൽസര പദ്ധതി കാലത്തു പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൂർത്തിയാകുമ്പോഴേക്ക് ഈ പദ്ധതികൊണ്ടു 41,760 ഹെക്ററർ സ്ഥലത്തിനു പ്രയോജനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ പദ്ധതി ഏറെറടുത്തു നടത്തുന്നതിനുള്ള കാലതാമസം കൊണ്ട് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല.

പി. എൽ. ആക്ററ്

737 [1075] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എൽ. ആക്ററ് അനുസരിച്ച് തോട്ടങ്ങളിൽ തൊഴിലാളികൾക്ക് ക്ലബ്ബ് സൗജന്യവും ശുദ്ധജല വിതരണവും നടത്തണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ പീരുമേട്ടിലുള്ള അരണക്കൽ, ടൈഫോർഡ്, ചീനത്തലാർ, ഒററമരം തോട്ടം ഉടമകൾ ഇത് തൊഴിലാളികൾക്ക് നിഷേധിച്ച് നിയമലംഘനം നടത്തിയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽപ്പറഞ്ഞ സൗകര്യങ്ങൾ പൂർണ്ണമായും നിഷേധിച്ചതായി പരാതി കിട്ടിയിട്ടില്ല. എന്നാൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(സി) ശുദ്ധജല വിതരണത്തിലും ക്ലബ്ബിന്റെ നടത്തിപ്പിലും ഉള്ള പോരായ്മകൾ പരിഹരിക്കുന്നതിന് തോട്ടം ഉടമകൾക്ക് വേണ്ട നിർദ്ദേശങ്ങൾ പരിശോധനാ ഉദ്യോഗസ്ഥൻമാർ നൽകിയിട്ടുണ്ട്.

പി. എൽ. ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കാത്ത തോട്ടം ഉടമകൾ

738 [1076] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിലുള്ള ററി. ററി. കമ്പനി വക തേങ്ങാക്കൽ, പാംപനാർ, ഗ്രാംപി, മൗണ്ട്, ശബരിമല, മഞ്ചുമല, പുതുക്കാട്, പഴയകാട്, ഫാക്ററി കോളനി എന്നീ തോട്ടങ്ങൾ പി. എൽ. ഇൻസ്പെക്ററരോ ഉയർന്ന ഉദ്യോഗസ്ഥന്മാരോ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ സന്ദർശിച്ചിട്ടുണ്ടോ;

(ബി) പി. എൽ. ആക്ററിലെ വ്യവസ്ഥകൾ യാതൊന്നും നടപ്പാക്കാത്ത ഈ ഉടമകൾക്കെതിരായി ഇതുവരേയും ഗവൺമെൻറ് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly